# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.09.2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. ഇന്ത്യ- ഫ്രാൻസ് തന്ത്രപ്രധാന സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാങ്കേതികവിദ്യ, നിർമ്മിതബുദ്ധി, പ്രതിരോധം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും മുന്നേറുകയാണെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi stated that efforts to enhance strategic cooperation between India and France are ongoing. He added that both nations are making strides in sectors such as technology, artificial intelligence, and defense.**

2. ഇരുപത്തെട്ടാമത് പടിഞ്ഞാറൻ മേഖലാ സമിതി യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ യുടെ അധ്യക്ഷതയിൽ ഇന്ന് ഗോവയിലെ പനാജിയിൽ.

   **The 28th meeting of the Western Zonal Council is being held today in Panaji, Goa, under the chairmanship of Union Home Minister Amit Shah.**

3. ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ സേവ്യർ ബെറ്റൽ ഔദ്യോഗിക സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തി.

   **Luxembourg's Deputy Prime Minister and Minister of Foreign Affairs, Xavier Bettel, has arrived in New Delhi for an official visit.**

4. ന്യൂഡൽഹിയിൽ കെട്ടിടം തകർന്നു വീണ സംഭവത്തിൽ മജിസ്ട്രേറ്റ് തല അന്വേഷണത്തിന് ഉത്തരവിട്ട് മുഖ്യമന്ത്രി രേഖ ഗുപ്ത.

**Chief Minister Rekha Gupta has ordered a magisterial inquiry into the building collapse incident in New Delhi.**

5. ഐഎസ്ആർഒ സ്വകാര്യവൽക്കരിക്കപ്പെടുകയോ പ്രാധാന്യം കുറയുകയോ ചെയ്യില്ലെന്ന് അധികൃതർ.

**Officials state that ISRO will neither be privatized nor lose its importance.**

6. മുൻ ചിറ്റൂർ എംഎൽഎയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ അച്യുതൻ അന്തരിച്ചു.

**Former Chittur MLA and senior Congress leader K. Achuthan has passed away.**

***************************

## PM – PARIS (INTRO)

ഇന്ത്യയും ഫ്രാൻസും തന്ത്രപ്രധാന സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാരീസിലെ സ്വാമിനാരായണ ക്ഷേത്രത്തിൻറെ ഉദ്ഘാടന ചടങ്ങിൽ വീഡിയോ കോൺഫറൻസിലൂടെ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതികവിദ്യ, നിർമ്മിതബുദ്ധി, പ്രതിരോധം തുടങ്ങി വിവിധ മേഖലകളിൽ ഇരുരാജ്യങ്ങളും മുന്നേറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

ഈ വർഷം ഇന്ത്യ-ഫ്രാൻസ് നൂതനാശയ വർഷമായി ആചരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായി ചേർന്ന് തന്ത്രപരമായ ആഗോള പങ്കാളിത്തം കെട്ടിപ്പടുക്കുക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാണെന്നും ശ്രീ നരേന്ദ്ര മോദി വ്യക്തമാക്കി.

***************************

## PM – VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഗുജറാത്തും മഹാരാഷ്ട്രയും സന്ദർശിക്കും. വഡോദരയിൽ 35,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. റെയിൽവെ, ദേശീയ പാത പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. നാളെ വൈകിട്ട് മഹാരാഷ്ട്രയിൽ എത്തുന്ന പ്രധാനമന്ത്രി, മുംബൈയിൽ Global Fintech Fest ഉദ്ഘാടനം ചെയ്യും.

***************************

## DELHI BUILDING COLLAPSE

ന്യൂഡൽഹിയിലെ സത്യ നികേതൻ മേഖലയിൽ കെട്ടിടം തകർന്നു വീണ സംഭവത്തിൽ മജിസ്‌ട്രേറ്റ് തല അന്വേഷണത്തിന് ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത ഉത്തരവിട്ടു. കെട്ടിട ഉടമയ്ക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യാനും നിർദ്ദേശം നൽകി. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സ്ഥിതിഗതികൾ വിലയിരുത്തി. അതെസമയം, അപകടത്തിൽ മരിച്ചവരുടെ എണ്ണം ആറായി. പരിക്കേറ്റ മൂന്ന് പേർ ഡൽഹി എയിംസിൽ ചികിത്സയിലാണ്.

***************************

## TRAFFIC ADVISORY – SATYA NIKETAN

ന്യൂഡൽഹിയിൽ കെട്ടിടം തകർന്നയിടത്ത് രക്ഷാപ്രവർത്തനം പുരോഗമിക്കുന്ന സാഹചര്യത്തിൽ, സഫ്ദർജംഗ് ആശുപത്രിയിൽ നിന്ന് ധൗള കുവാനിലേക്കുള്ള ഗതാഗതം ഇന്ന് തടസ്സപ്പെടും. ആർ.ടി.ആർ, ബെനിറ്റോ ജുവാരസ് മാർഗ് വഴിയുള്ള ഗതാഗതത്തെയും ഇത് ബാധിക്കുമെന്ന് ഡൽഹി ട്രാഫിക് പോലീസ് അറിയിച്ചു. യാത്രക്കാർ ഈ വഴികൾ പരമാവധി ഒഴിവാക്കി ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ട്രാഫിക് ജീവനക്കാരുടെ നിർദ്ദേശങ്ങൾ പാലിക്കണമെന്നും പോലീസ് അഭ്യർത്ഥിച്ചു. കൂടാതെ, അടിയന്തര രക്ഷാപ്രവർത്തന വാഹനങ്ങൾക്ക് തടസ്സമില്ലാതെ കടന്നുപോകുന്നതിനായി അപകടസ്ഥലത്തിന് സമീപം വാഹനങ്ങൾ

നിർത്തുകയോ ആളുകൾ തടിച്ചുകൂടുകയോ ചെയ്യരുതെന്നും നിർദ്ദേശമുണ്ട്.

***************************

## LUXEMBOURG DEPUTY PM VISIT

ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ സേവ്യർ ബെറ്റൽ ഔദ്യോഗിക സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തി. വിദേശകാര്യമന്ത്രി എസ്. ജയശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ലക്സംബർഗും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഈ സന്ദർശനം അവസരമൊരുക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ സമൂഹമാധ്യമത്തിലൂടെ വ്യക്തമാക്കി.

***************************

## ZONAL COUNCIL MEETING

ഇരുപത്തെട്ടാമത് പടിഞ്ഞാറൻ മേഖലാ സമിതി യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ യുടെ അധ്യക്ഷതയിൽ ഇന്ന് ഗോവയിലെ പനാജിയിൽ നടക്കും. കേന്ദ്രവും അംഗസംസ്ഥാനങ്ങളും തമ്മിലുള്ള പ്രധാന വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും. ഗോവ, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും മുതിർന്ന മന്ത്രിമാരും ദാദ്ര നഗർ ഹവേലി, ദാമൻ ദിയു എന്നിവിടങ്ങളിലെ പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കും. സംസ്ഥാനങ്ങളെ ബാധിക്കുന്ന വിവിധ വിഷയങ്ങളിൽ പരസ്പര സഹകരണം ശക്തമാക്കുന്നതിന് യോഗം വഴിയൊരുക്കും. തുടർന്ന്, ഗോവ പൊലീസിന് പ്രസിഡന്റ്സ് പൊലീസ് കളർ പുരസ്കാരം ശ്രീ അമിത് ഷാ സമ്മാനിക്കും.

***************************

## ISRO

ഐഎസ്ആർഒ സ്വകാര്യവൽക്കരിക്കപ്പെടുകയോ അതിന്റെ പ്രാധാന്യം കുറയുകയോ ചെയ്യില്ലെന്ന് സ്ഥാപന അധികൃതർ സാമൂഹ്യമാധ്യമത്തിലൂടെ അറിയിച്ചു. ഐഎസ്ആർഒയെ സ്വകാര്യവൽക്കരിക്കാനോ അതിന്റെ പങ്ക് കുറയ്ക്കാനോ ശ്രമം നടക്കുന്നുവെന്ന തരത്തിൽ മാധ്യമങ്ങളിൽ പ്രചരിക്കുന്ന തെറ്റായ വിവരങ്ങ ളോടുള്ള പ്രതികരണമായാണ് ഇക്കാര്യം അറിയിച്ചത്. ഇന്ത്യയുടെ അടുത്ത തലമുറ ബഹിരാകാശ പദ്ധതികളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഐഎസ്ആർഒയെ പ്രാപ്തമാക്കുകയാണ് ബഹിരാകാശ മേഖലയിലെ സ്വകാര്യ പങ്കാളിത്തം കൊണ്ട് ലക്ഷ്യമിടുന്നതെന്ന് അധികൃതർ അറിയിച്ചു. വിപുലവും ശക്തവും ആഗോളതലത്തിൽ മത്സരിക്കാൻ ശേഷിയുള്ളതുമായ ഒരു ഇന്ത്യൻ ബഹിരാകാശ പരിതസ്ഥിതി കെട്ടിപ്പടുക്കുകയാണ് ബഹിരാകാശ മേഖലയിലെ പരിഷ്കരണങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് ഐഎസ്ആർഒ അറിയിച്ചു.

**************************

## POSHAN MAAH

ഒൻപതാമത് ദേശീയ പോഷകാഹാര മാസാചരണത്തിന് ബുധനാഴ്ച വാരണസിയിൽ തുടക്കമാകും. കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണാ ദേവി ഉദ്ഘാടനം ചെയ്യും . "നമ്മുടെ അങ്കണവാടികൾ , നമ്മുടെ ഉത്തരവാദിത്തം" എന്നതാണ് ഈ വർഷത്തെ പ്രമേയം. രാജ്യത്തെ കുട്ടികളുടെ പോഷകാഹാരം, ആരോഗ്യം, സംരക്ഷണം, പ്രാഥമിക വിദ്യാഭ്യാസം എന്നിവയുടെ ആദ്യ കേന്ദ്രമെന്ന നിലയിൽ അങ്കണവാടികളുടെ സംയുക്ത ഉത്തരവാദിത്തം ഓരോ പൗരനും ഏറ്റെടുക്കണമെന്നാണ് പ്രമേയത്തിലൂടെ ആഹ്വാനം ചെയ്യുന്നത് .

**************************

## VP MANIPUR

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഒരു ദിവസത്തെ മണിപ്പൂർ സന്ദർശനത്തിനായി നാളെ തലസ്ഥാനമായ ഇംഫാലിൽ

എത്തും. സന്ദർശന വേളയിൽ, അദ്ദേഹം മൊയ്രാങ്ങിലും നമ്പോളിലും സ്ഥിതി ചെയ്യുന്ന സൈനിക മ്യൂസിയവും , ജാപ്പനീസ് യുദ്ധ സ്മാരകവും , സൈനിക് സ്കൂളും സന്ദർശിക്കും.

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

***************************

## RAJNATH-SRI LANKA VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിൻറെ ശ്രീലങ്കൻ സന്ദർശനത്തിന് നാളെ തുടക്കം. ശ്രീലങ്കൻ ഭരണ നേതൃത്വവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. കൊളംബോയിലെ ഇന്ത്യൻ സമൂഹവുമായി രാജ്യരക്ഷാ മന്ത്രി സംവദിക്കും. ഈ മാസം 10 വരെയാണ് സന്ദർശനം.

***************************

## OPEC (PLUS) COUNTRIES (INTRO)

ആഗോള വിപണിയിലെ അനിശ്ചിതത്വങ്ങൾക്കിടയിൽ ഒക്ടോബർ മാസത്തെ എണ്ണ ഉത്പാദന നയത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ച് ഒപെക് പ്ലസ് രാജ്യങ്ങൾ.ആഗോള എണ്ണവിപണിയിലെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന ഓൺലൈൻ യോഗത്തിലാണ് തീരുമാനം. ഒരു റിപ്പോർട്ട്............

(വോയിസ് )

## OPEC (PLUS) COUNTRIES (VOICE)

സൗദി അറേബ്യ, റഷ്യ, ഇറാഖ്, കുവൈറ്റ്, കസാക്കിസ്ഥാൻ, അൽജീരിയ, ഒമാൻ എന്നീ ഏഴ് പ്രധാന ഒപെക് പ്ലസ് രാജ്യങ്ങളാണ് ആഗോള വിപണിയിലെ സാഹചര്യങ്ങൾ വിലയിരുത്താൻ ഇന്നലെ വിർച്വലായി യോഗം ചേർന്നത്. സെപ്റ്റംബറിൽ എണ്ണയുടെ പ്രതിദിന ഉൽപാദനം ഏകദേശം 1.88 ലക്ഷം ബാരൽ വർധിപ്പിക്കാൻ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇറാൻ സംഘർഷവും ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങളും കാരണം എണ്ണ കയറ്റുമതിയിൽ പ്രതിസന്ധികൾ തുടരുന്ന പശ്ചാത്തലത്തിലാണ് യോഗം നടന്നത്. വിപണി സാഹചര്യങ്ങളും ഉത്പാദന നിരക്കും വിലയിരുത്താൻ ഒപെക് പ്ലസ് രാജ്യങ്ങൾ ഒക്ടോബറിൽ വീണ്ടും യോഗം ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി

***************************

## K. ACHUTHAN PASSES AWAY

ചിറ്റൂർ മുൻ എംഎൽഎയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ അച്യുതൻ അന്തരിച്ചു. ചിറ്റൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് 1996, 2001, 2006, 2011 വർഷങ്ങളിൽ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ദീർഘകാലം മണ്ഡലത്തിൻറെ ജനപ്രതിനിധിയായി പ്രവർത്തിച്ചു. കർഷകൻ, സഹകരണ പ്രവർത്തകൻ, രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു. നിര്യാണത്തിൽ രാഷ്ട്രീയ-സാമൂഹിക രംഗത്തെ നിരവധി പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

***************************

## HEAT - KERALA

കേരളത്തിൽ ചൂട് വീണ്ടും വർധിക്കുന്നു. ഇന്നും നാളെയും 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര

കാലാവസ്ഥ വകുപ്പ് അറിയിച്ചു. സെപ്റ്റംബറിൽ സാധാരണയിലധികം ചൂടിനു കാരണമാകുന്നത് എൽനിനോ പ്രതിഭാസമാണെന്നു പഠനങ്ങൾ പറയുന്നു. ചൂട് വർധിക്കുന്നത് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ആരോഗ്യപ്രശനങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. പകൽ 11 മുതൽ 3 വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും, ദാഹമില്ലെങ്കിലും വെള്ളം കുടിക്കണമെന്നും നിർദേശത്തിൽ പറയുന്നു.

*************************

## MOHAN YADAV-UAE VISIT

മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ ദുബായിലെത്തി. ദുബായിൽ നടക്കുന്ന വാർഷിക നിക്ഷേപ സംഗമത്തിൽ പങ്കെടുക്കുന്ന അദ്ദേഹം, നിക്ഷേപകരുമായി കൂടിക്കാഴ്ച നടത്തും. വ്യാപാരം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തെ യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ലോജിസ്റ്റിക്സ്, ഖനനം, കൃഷി, ഭക്ഷ്യ സംസ്കരണം,തുണിത്തരങ്ങൾ,, നിർമ്മിത ബുദ്ധി തുടങ്ങി വിവിധ മേഖലകളിൽ നിക്ഷേപം ആകർഷിക്കുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

*************************

## BIHAR FLOOD

ബീഹാറിൽ പ്രളയ സ്ഥിതി രൂക്ഷം. ഗംഗയും മറ്റ് നിരവധി നദികളും ഇപ്പോഴും അപകടനിലയ്ക്ക് മുകളിലാണ് ഒഴുകുന്നത്. എന്നാൽ, സോൺ നദിയിൽ ജലനിരപ്പ് കുറഞ്ഞതോടെ ദിഘയിലും ഗാന്ധി ഘട്ടിലും വെള്ളം താഴ്ന്ന് തുടങ്ങി . ദുരിതബാധിത പ്രദേശങ്ങളിൽ, ദേശീയ-സംസ്ഥാന ദുരന്ത പ്രതികരണ സേനകളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം തുടരുകയാണ് .

*************************

## UKRAIN US MEET

റഷ്യ-യുക്രൈൻ സംഘർഷം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് യുഎസ് പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ്, ജാരെഡ് കുഷ്നർ എന്നിവരുമായി യുക്രൈൻ പ്രസിഡന്റ് വോലോഡിമിർ സെലെൻസ്കി ഇന്നലെ കീവിൽ കൂടിക്കാഴ്ച നടത്തി. സങ്കീർണമായ വിഷയങ്ങൾ ഉന്നത നേതാക്കളുടെ തലത്തിൽ മാത്രമേ പരിഹരിക്കാനാകൂ എന്നും അദ്ദേഹം കൂടിക്കാഴ്ചയിൽ വ്യക്തമാക്കി. പ്രാദേശിക വിഷയങ്ങൾ, സുരക്ഷാ ഉറപ്പുകൾ, യുക്രൈനിന്റെ ഭാവി, സാമ്പത്തിക വീണ്ടെടുക്കൽ പദ്ധതി എന്നിവ ഉൾപ്പെടുത്തി മൂന്ന് ഘട്ടങ്ങളിലായി ചർച്ചകൾ നടന്നു. റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനുമായി മോസ്കോയിൽ യുഎസ് സംഘം നേരത്തെ ചർച്ച നടത്തിയിരുന്നു.

*************************************************************************
*******************************